DESPATCHED
On..30/8/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2791(3)/2018 *എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.10942/*എസ്.ഐ.സി-ജി 1/2018*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 25.08.2022

ശ്രീ.ഹാരിഷ്. കെ,
കളത്തിൽ,
പി.ഒ. കുറ്റിക്കാട്ടൂർ,
കോഴിക്കോട് – 673 008. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   പെരുവയൽ ഗ്രാമപഞ്ചായത്ത്,
   പി.ഒ. പുവാട്ടുപറമ്പ്, കോഴിക്കോട്.
2. അപ്പീൽ അധികാരി &
   അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09/06/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/07/2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08/08/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/09/2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02/10/2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/10/2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കുറ്റിക്കാട്ടൂർ, കളത്തിൽ വീട്ടിൽ ശ്രീ. ഹാരിഷ്. കെ, കോഴിക്കോട് പെരുവയൽ പഞ്ചായത്ത് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ കുറ്റിക്കാട്ടൂർ വില്ലേജിൽ പെട്ട 16-ാം വാർഡിലെ (റി.സ. 154 ൽ 1, 2) കോഴിക്കൽത്താഴം എന്ന സ്ഥലത്ത് കൊളക്കാടത്ത് പൊറ്റമ്മൽ താമസിക്കുന്ന കെ.പി. സരസ്വതി നിർമ്മിക്കുന്ന

വീടിന്റെ പ്ലാനിന്റേയും പെർമിറ്റ് ലഭിക്കുന്നതിന് ഹാജരാക്കിയിട്ടുള്ള രേഖകളുടേയും പകർപ്പാണ് ആവശ്യപ്പെട്ടത്. ടിയാന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ.യും അപ്പീലധികാരിയും നൽകിയ മറുപടികൾ തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 04.08.2021, 02.08.2022 തീയതികളിൽ A.P.2791(3)/18/SIC നമ്പർ ഫയലിൽ വിശദീകരണം ആവശ്യപ്പെടുകയും ആയതിന് അപ്പീൽ അധികാരി 19.08.2022 ൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ റിപ്പോർട്ട് നേരിട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

2. ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരൻ ഹാജരാവുകയോ ഹാജരാവാതിരുന്നതിനുള്ള അസൗകര്യം അറിയിക്കുകയോ ചെയ്തില്ല.

3. അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ നൽകിയതായി കാണാത്തതിനാൽ ടിയാന് കൃത്യമായ വിവരങ്ങളും രേഖകളുടെ പകർപ്പുകളും ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം ടിയാന് ലഭ്യമാക്കേണ്ടതും ടിയാന് മറുപടി നൽകിയതിന്റെ പകർപ്പും കൈപ്പറ്റ് രസീതും കമ്മീഷനിൽ ഹാജരാക്കേണ്ടതുമാണെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകികൊണ്ട് കമ്മീഷൻ ഉത്തരവാകുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm